# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

സഹകരണ മേഖലയെ ഊർജ്ജസ്വലമാക്കാൻ പദ്ധതി

2116 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ വളർച്ച സംബന്ധിച്ച വിശദാംശം അറിയിക്കുമോ;

(ബി) സഹകരണ മേഖലയിൽ പ്രവർത്തന വിജയം നേടിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖലയുടെ സാന്നിദ്ധ്യം എത്രത്തോളം വിജയകരമായിരുന്നു; വിശദാംശങ്ങൾ നൽകുമോ;

(ഡി) സഹകരണ മേഖലയെ സർവ്വതല സ്പർശിയായി കൂടുതൽ ഊർജ്ജസ്വലമാക്കാൻ പുതിയ എന്തെല്ലാം കർമ്മ പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>സഹകരണവകുപ്പ് ചെലവഴിച്ച ബഡ്ജറ്റ് വിഹിതം</u>

2117 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തികവർഷം സഹകരണ വകുപ്പിന് അനുവദിച്ച ബജറ്റ് വിഹിതം എത്രയായിരുന്നു; ബജറ്റ് വിഹിതത്തിന്റെ എത്രശതമാനം ഇതുവരെ ചെലവഴിക്കുകയുണ്ടായി; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും സഹകരണ വകുപ്പിന് 2012-2013 സാമ്പത്തിക വർഷം എന്തു തുക വിവിധ പദ്ധതികൾക്കായി ലഭിച്ചു; അതിൽ എന്തു തുക ഇതുവരെ ചെലവഴിച്ചു; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ സഹകരണ വകുപ്പിൽ 2012-2013-ൽ നടപ്പിൽ വരുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>സംസ്ഥാന പദ്ധതികൾക്ക് സഹകരണ സ്ഥാപനങ്ങളിലെ തുക വിനിയോഗിക്കുന്നതിന് നടപടി</u>

2118 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ ലഭ്യമായിട്ടുള്ള വൻ തുകകൾ സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടി വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) എൽ.ഐ.സി യിലെ കോടിക്കണക്കിന് രൂപ കേന്ദ്ര ഗവൺമെന്റ് വിവിധ പദ്ധതികളുടെ നടത്തിപ്പിന് വിനിയോഗിക്കുന്നത് പോലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ ഉൾപ്പെടെയുള്ള പദ്ധതികളിൽ പണം നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 26.03.2013–ലെ മറുപടിക്ക്
കേന്ദ്ര സഹകരണ നിയമം

2119 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹകരണ നിയമം കേരളത്തിൽ നടപ്പിലാക്കുമ്പോൾ ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് എന്തെല്ലാം പ്രശ്നങ്ങളാണ് ഉണ്ടാകുവാൻ പോകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) നിയമം നടപ്പിലാക്കുമ്പോൾ നഷ്ടത്തിലാകുന്ന സഹകരണ സംഘങ്ങളുടെ നഷ്ടം നികത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തൊക്കെ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

സഹകരണ നിയമ ഭേദഗതി

2120 ശ്രീ. സി. മോയിൻകുട്ടി
,, പി. ഉബൈദുള്ള
,, പി.ബി. അബ്ദുൾ റസാക്
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹകരണ നിയമത്തിനനുസൃതമായി സംസ്ഥാനം സഹകരണനിയമത്തിൽ വരുത്തിയ ഭേദഗതി, സംസ്ഥാനത്തെ സഹകരണ മേഖലയെ ഏതുവിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) സഹകരണ മേഖലയ്ക്ക് കൂടുതൽ സ്വയംഭരണാവകാശം നൽകുന്നതു കൊണ്ട് എന്തൊക്കെ ഗുണഫലങ്ങളാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(സി) സഹകരണ സംഘങ്ങൾക്ക് കൂടുതൽ സ്വയംഭരണാവകാശവും, ജനാധിപത്യഭരണക്രമവും ഉറപ്പുവരുവരുത്തുന്ന സാഹചര്യത്തിലും , തീരുമാനങ്ങളിൽ അംഗസംഖ്യയുടെ ഭൂരിപക്ഷ ജനാധിപത്യം ഉറപ്പുവരുത്താൻ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പോരായ്മ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്
ഡയറക്ട് ടാക്സ് കോഡ്

2121 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യത്തിന്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കേന്ദ്ര ഗവണ്‍മെന്റ് പാസ്സാക്കിയ ഡയറക്ട് ടാക്സ് കോഡ് നിയമം മൂലം ദുരിതത്തിലാകുന്ന സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ രക്ഷിക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>പ്രകാശ് ബക്ഷി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ</u>

2122 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകാശ് ബക്ഷി റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രകാശ് ബക്ഷി റിപ്പോർട്ടിൽ സഹകരണ മേഖലയെ സംബന്ധിച്ച പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) പ്രകാശ് ബക്ഷി റിപ്പോർട്ട് സംസ്ഥാനത്തെ സഹകരണ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

പ്രകാശ് ബക്ഷി റിപ്പോര്‍ട്ട് നടപ്പാക്കല്‍

2123 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രകാശ് ബക്ഷി റിപ്പോര്‍ട്ട് നടപ്പിലാക്കുവാന്‍ ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം നല്‍കുമോ;

(ബി) പ്രസ്തുത റിപ്പോര്‍ട്ട് സഹകരണമേഖലയിലെ ജീവനക്കാരെ എപ്രകാരം ബാധിക്കുമെന്ന് വിശദമായി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നല്‍കുമോ;

(സി) ഇക്കാര്യത്തില്‍ ജീവനക്കാരുടെ പ്രതിഷേധം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ ആയതിനോടുള്ള സര്‍ക്കാരിന്റെ സമീപനം വ്യക്തമാക്കുമോ?.

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>സഹകരണ വിജിലൻസ്</u>

2124 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2008 ൽ നിലവിൽ വന്ന സഹകരണ വിജിലൻസ് വിഭാഗം ആകെ എത്ര കേസുകളാണ് കൈകാര്യം ചെയ്തത്; വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സഹകരണ വിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു സാഹചര്യത്തിലാണ് ഇപ്രകാരം ആക്ഷേപം ഉന്നയിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനത്തിനായി 2008 മുതൽ 31.12.2012 വരെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കുമായി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) സഹകരണ വിജിലൻസ് വിഭാഗം പുനസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്
സഹകരണ ആഡിറ്റിംഗ്

2125 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 97-ാം ഭരണഘടനാഭേദഗതി നിയമപ്രകാരം സഹകരണ സംഘങ്ങളുടെ ആഡിറ്റിംഗിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ; ആയതു പ്രകാരം സംസ്ഥാനത്തെ സഹകരണ ആഡിറ്റിംഗ് സംവിധാനത്തിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) സഹകരണ മേഖലയിലെ അപ്പക്സ് സ്ഥാപനങ്ങളിൽ ആഡിറ്റ് കുടിശ്ശിക നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റിംഗ് കാലാനുസൃതമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

സഹകരണ സംഘങ്ങളുടെ ഓഡിറ്റുകൾ

2126 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്രാബല്യത്തിൽ വന്ന സഹകരണ നിയമത്തിന്റെ ഭാഗമായി 2013 മാർച്ച് മാസം വരെയുള്ള കണക്കുകൾ 2013 സെപ്തംബർ 30 നകം ഓഡിറ്റ്ചെയ്ത് റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 2013 സെപ്തംബർ 30 ന് ശേഷം സഹകരണ വകുപ്പിലെ ജീവനക്കാരെ ഏതുതരം ജോലിക്കാണ് നിയോഗിക്കുകയെന്ന് വ്യക്തമാക്കുമോ ?

(സി) 2013 സെപ്തംബർ 30 ന് ശേഷം സഹകരണ സംഘങ്ങളുടെ ഓഡിറ്റുകൾ മറ്റ് ഏജൻസികളെ ഏൽപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദമാക്കാമോ ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വിലക്കയറ്റം നേരിടുന്നതിന് പദ്ധതികള്‍</u>

2127 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിലക്കയറ്റം നേരിടുന്നതിനായി സഹകരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങള്‍ക്ക് എന്ത് ധനസഹായമാണ് നല്‍കുന്നത്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കണ്‍സ്യൂമര്‍ഫെഡിന്റെ പ്രവര്‍ത്തനങ്ങള്‍</u>

2128 ശ്രീ. ജി. സുധാകരന്‍
ശ്രീമതി കെ. കെ. ലതിക
ശ്രീ. പി. റ്റി. എ. റഹീം
,, കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ഫെഡിന്റെ പ്രവര്‍ത്തനങ്ങള്‍ വിപുലീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കില്‍ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കണ്‍സ്യൂമര്‍ഫെഡിന്റെ വിവിധ ഔട്ട്ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങള്‍ സംഭരിക്കുന്നതിന് നിലവിലുള്ള നടപടി ക്രമം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഉല്പാദന കേന്ദ്രങ്ങളില്‍ നിന്നും നിത്യോപയോഗ സാധനങ്ങള്‍ വാങ്ങുമ്പോള്‍ അവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ഡി) ഇത്തരം ഇടപാടുകളില്‍ ഉണ്ടാകുന്ന കൃത്രിമം തടയുന്നതിന് വിജിലന്‍സ് സംവിധാനം ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) നിത്യോപയോഗ സാധനങ്ങള്‍ ന്യായവിലക്ക് ലഭ്യമാക്കുന്നതിന് കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് ഓരോ വര്‍ഷവും കണ്‍സ്യൂമര്‍ഫെഡിന് എന്തു തുക വീതം നല്‍കിയെന്നും ഈ സര്‍ക്കാര്‍ എന്തു തുക നല്‍കിയെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്
<u>കണ്‍സ്യൂമര്‍ ഫെഡിന്റെ പ്രവര്‍ത്തനം</u>

2129 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്‍സ്യൂമര്‍ ഫെഡ് ഇക്കഴിഞ്ഞ സാമ്പത്തിക വര്‍ഷം ആകെ എത്ര കോടി രൂപയുടെ വിറ്റുവരവ് നടത്തി; വ്യക്തമാക്കുമോ;

(ബി) 2012-13 സാമ്പത്തികവര്‍ഷത്തില്‍ ഇതുവരെ എത്ര കോടി രൂപയുടെ ലഭമുണ്ടാക്കി; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>കാർഷിക ഗ്രാമ വികസന ബാങ്കുകൾ</u>

2130 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കാർഷിക ഗ്രാമ വികസന ബാങ്കുകളാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്;

(ബി) കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ പ്രവർത്തന പരിധി റവന്യൂ-താലൂക്കായി നിശ്ചയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഒരു താലൂക്ക് പരിധിയിൽ ഒന്നിലധികം ബാങ്കുകൾ പ്രവർത്തിച്ചുവരുന്നവ എത്രയെണ്ണമുണ്ട് എന്നും, താലൂക്കുകളുടെയും ബാങ്കുകളുടെയും വിശദാംശവും ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാങ്കുകളിൽ എത്രയെണ്ണമാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത്;

(ഇ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളെ പുനരുദ്ധരിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>കാര്‍ഷിക വായ്പ</u>

2131 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, പാലോട് രവി
,, കെ. ശിവദാസന്‍ നായര്‍
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണ മേഖലയില്‍ കാര്‍ഷിക വായ്പകള്‍ ഏതെല്ലാം ബാങ്കുകളാണ് നല്‍കുന്നത്;

(ബി) ആകെ വായ്പയില്‍ നിശ്ചിത ശതമാനം കാര്‍ഷിക വായ്പയായിരിക്കണമെന്ന് നിബന്ധനയുണ്ടോ;

(സി) കാര്‍ഷിക വായ്പകള്‍ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചതുമൂലം തിരിച്ചടവു കുറയുന്നത് ഇതര വായ്പകള്‍ നല്‍കുന്നതിന് തടസ്സമാകുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മൊറട്ടോറിയം പ്രഖ്യാപിച്ചതുമൂലം പലിശയിനത്തില്‍ സഹകരണ ബാങ്കുകള്‍ക്കുണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) എങ്കില്‍ പ്രസ്തുത തുക കാലതാമസം കൂടാതെ ബാങ്കുകള്‍ക്ക് തിരികെ നല്‍കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിതമാക്കാൻ നടപടി

2132 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന ഹ്രസ്വ കാല കാർഷിക വായ്പകൾ പലിശരഹിതമാക്കാൻ തീരുമാനമെടുക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) ഏതെല്ലാം തരത്തിലുള്ള വായ്പകളാണ് പലിശരഹിതമാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത പദ്ധതികൾ വഴിയുള്ള ആനുകൂല്യങ്ങൾ ഏതെല്ലാം കർഷകർക്കാണ് ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്
നെൽകൃഷിക്കുള്ള വായ്പകൾ

2133 ശ്രീ. വർക്കല കഹാർ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ വഴി നൽകുന്ന നെൽകൃഷിക്കുള്ള കാർഷിക വായ്പകൾ പൂർണ്ണമായും പലിശ രഹിതമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം ബാങ്കുകൾക്ക് സംസ്ഥാന സർക്കാർ എത്ര രൂപ നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കർഷകർക്കുള്ള പലിശ സബ്സിഡി യഥാസമയം നൽകുന്ന ബാങ്കുകൾക്ക് അർഹമായ വിഹിതം യഥാസമയം കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കടാശ്വാസ കമ്മീഷന്റെ നിർദ്ദേശ പ്രകാരം കർഷക വിഹിതം അടച്ച കർഷകർ</u>

2134 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടാശ്വാസ കമ്മീഷന്റെ നിർദ്ദേശ പ്രകാരം കർഷക വിഹിതം അടച്ച കർഷകരെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) കർഷക വിഹിതം അടച്ച കർഷകർക്ക് രേഖകൾ തിരികെ നൽകുന്നതിൽ സഹകരണ സംഘങ്ങളും ബാങ്കുകളും വീഴ്ചവരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>കാര്‍ഷിക വായ്പകള്‍ എഴുതിത്തള്ളുന്ന നടപടി</u>

2135 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരിച്ചടവ് കാലാവധി അവസാനിച്ചതും ഇരുപത്തിഅയ്യായിരം രൂപയില്‍ താഴെയുള്ളതുമായ സഹകരണ കാര്‍ഷിക വായ്പകള്‍ എഴുതിത്തള്ളുന്നതിന് സര്‍ക്കാര്‍ തയ്യാറാകുമോ;

(ബി) ഇല്ലെങ്കില്‍ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>നഷ്ടത്തില്‍ പ്രവര്‍ത്തിക്കുന്ന സഹകരണ സംഘങ്ങളില്‍ നിന്ന് സഹകരണ വിദ്യാഭ്യാസ ഫണ്ട്</u>

2136 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013 ജനുവരിയിലെ ഭേദഗതി പ്രകാരം നഷ്ടത്തില്‍ പ്രവര്‍ത്തിക്കുന്ന സഹകരണ സംഘങ്ങളില്‍ നിന്ന് സഹകരണ വിദ്യാഭ്യാസ ഫണ്ട് ചുരുങ്ങിയത് 1000 രൂപ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍, ചെറിയ ലാഭത്തില്‍ പ്രവര്‍ത്തിക്കുന്ന സംഘങ്ങള്‍ നല്‍കുന്നതിനേക്കാള്‍ (ലാഭത്തിന്റെ 5%) വലിയ തുക നഷ്ടത്തില്‍ പ്രവര്‍ത്തിക്കുന്ന സംഘങ്ങളില്‍ നിന്നും ഈടാക്കേണ്ടിവരുമെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപാകതകള്‍ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>സഹകരണ മേഖലയിലെ നിക്ഷേപ പദ്ധതി</u>

2137 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലാവധി അവസാനിച്ചപ്പോൾ സഹകരണ മേഖലയിലെ ആകെ നിക്ഷേപം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ മേഖലയിലെ 31.12.2012 ലെ ആകെ നിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സഹകരണ മേഖലയിൽ എൻ.ആർ.ഐ. നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>സഹകരണ നിക്ഷേപ സുരക്ഷാ പദ്ധതി</u>

2138 ശ്രീ. വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപ സുരക്ഷാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഏതെല്ലാം സഹകരണ സംഘങ്ങളിലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് നിക്ഷേപകർക്ക് പദ്ധതി മുഖേന ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമ പദ്ധതികൾ</u>

2139 ശ്രീ.സി.മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ 2013-14 വർഷം സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമ പദ്ധതികൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ തിരൂർ നിയോജകമണ്ഡലത്തിലെ നഗരസഭാ പ്രദേശത്തും പഞ്ചായത്തുകളിലും ത്രിവേണി, നന്മ സ്റ്റോറുകൾ ആരംഭിക്കുവാൻ തിരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) 2011 മുതൽ 2013 വരെ തിരൂർ മണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ നെൽകർഷകർക്കായി പ്രത്യേക പാക്കേജ്</u>

2140 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷികമേഖലയെ സംരക്ഷിക്കുന്നതിനും കർഷകനെ സഹായിക്കുന്നതിനുമായി സഹകരണ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദീകരിക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ നെൽകർഷകർക്കായി എന്തെല്ലാം പ്രത്യേക പാക്കേജുകളാണ് സഹകരണവകുപ്പ് നടപ്പിലാക്കിയിട്ടുള്ളത്; വിശദീകരിക്കാമോ;

(സി) കാർഷിക കടാശ്വാസ പദ്ധതി പ്രകാരം എത്ര കർഷകർക്ക് എത്ര രൂപയുടെ ആനുകൂല്യം നൽകി; വിശദമാക്കാമോ;

(ഡി) കേരളത്തിലെ കർഷകർക്ക് നബാർഡിന്റെ ധനസഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എന്ത് തുകയുടെ ധനസഹായം നബാർഡ് നൽകി; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>പൊന്നാനി മണ്ഡലത്തില്‍ സഹകരണ മേഖലയില്‍ പ്രവര്‍ത്തിക്കുന്ന സ്ഥാപനങ്ങള്‍</u>

2141 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊന്നാനി മണ്ഡലത്തില്‍ സഹകരണ മേഖലയില്‍ പ്രവര്‍ത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരു വിവരം ഗ്രാമ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇവയില്‍ ഏതെങ്കിലും ബാങ്കിനെതിരെയോ, ജീവനക്കാര്‍ക്കെതിരെയോ കേസ് രജിസ്റ്റര്‍ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കില്‍ ബാങ്കിന്റെ പേരും, കേസിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലാസഹകരണബാങ്ക് തെരഞ്ഞെടുപ്പ്</u>

2142

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാസഹകരണ ബാങ്ക് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചോയെന്നും എന്തായിരുന്നു പരാതിയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള എത്ര സംഘങ്ങൾ ഉണ്ടായിരുന്നുവെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) എത്ര സംഘങ്ങൾ വോട്ടുചെയ്തുവെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(ഡി) കോടതി ഉത്തരവുമായി ഏതെല്ലാം സംഘങ്ങൾ വോട്ടുചെയ്തുവെന്ന് വ്യക്തമാക്കുമോ ;

(ഇ) സമാപ്തീകരണത്തിന് നടപടികളായിട്ടുള്ള ഏതെങ്കിലും സംഘങ്ങൾ പ്രസ്തുത തെരഞ്ഞെടുപ്പിൽ വോട്ടുചെയ്തിട്ടുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>കാടുകുറ്റി സർവ്വീസ് സഹകരണ ബാങ്ക്</u>

2143

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാടുകുറ്റി സർവ്വീസ് സഹകരണ ബാങ്കിന്റെ ക്ലാസിഫിക്കേഷൻ, ക്ലാസ് I ആക്കുന്നതിനും, ബാങ്കിന്റെ ചെറുവാളൂർ എക്സ്റ്റൻഷൻ കൗണ്ടർ ബ്രാഞ്ചാക്കി മാറ്റുന്നതിനുമുള്ള അപേക്ഷകളിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>സംസ്ഥാന സഹകരണയൂണിയന്റെ പ്രധാന പ്രവര്‍ത്തനങ്ങള്‍</u>

2144 ശ്രീ.പി. എ. മാധവന്‍
,, എ. റ്റി. ജോര്‍ജ്
,, ഹൈബി ഈഡന്‍
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സഹകരണയൂണിയന്റെ പ്രധാന പ്രവര്‍ത്തനങ്ങള്‍ വിശദമാക്കുമോ;

(ബി) സംസ്ഥാന സഹകരണ യൂണിയനിലെ ജീവനക്കാരുടെ നിയമനരീതി എപ്രകാരമാണ്; വിശദമാക്കുമോ;

(സി) സംസ്ഥാന സഹകരണ യൂണിയനില്‍ നിലവില്‍ എത്ര ജീവനക്കാരുണ്ട്;

(ഡി) സംസ്ഥാന സഹകരണ യൂണിയന്റെ സാമ്പത്തികസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ നല്‍കുമോ;

(ഇ) യൂണിയന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

സർക്കാർ ജീവനക്കാരുടെ നേതൃത്വത്തിലുള്ള സഹകരണ സംഘങ്ങൾ

2145 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ നേതൃത്വത്തിൽ എത്ര സഹകരണ സംഘങ്ങൾ പ്രവൃത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരം സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ സർക്കാർ ജീവനക്കാർ മാത്രമാണോയെന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം സഹകരണ സംഘങ്ങളിലെ ഡയറക്ടർ ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ജീവനക്കാർ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് എന്തെല്ലാം അനുമതികൾ വാങ്ങണമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

സഹകരണ ഓഫീസുകള്‍ക്ക് ആസ്ഥാന മന്ദിരം

2146 ശ്രീ. കെ. മുരളീധരന്‍
,, എം.എ. വാഹീദ്
,, പാലോട് രവി
,, ആര്‍ സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം നഗരത്തില്‍ സഹകരണ വകുപ്പിന്‍കീഴില്‍ ഏതെല്ലാം ഓഫീസുകളാണ് പ്രവര്‍ത്തിക്കുന്നത്;

(ബി) വര്‍ഷങ്ങളായി സൗകര്യപ്രദമല്ലാത്ത വാടകകെട്ടിടങ്ങളില്‍ പ്രവര്‍ത്തിക്കുന്ന ഓഫീസുകള്‍ ഒരേ സ്ഥലത്ത് പ്രവര്‍ത്തിക്കുന്നതിനായി ഒരു ആസ്ഥാന മന്ദിരം നിര്‍മ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013–ലെ മറുപടിക്ക്

'കേപ്പി'ന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ

2147 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കേപ്പി'ന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(ബി) അടുത്ത അദ്ധ്യയന വർഷം പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) അവ പ്രവർത്തിക്കുന്നതിനാവശ്യമായ എൻ.ഒ.സി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര കാലത്തിനുളളിൽ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ഇ) 'കേപ്പി'ന്റെ പ്രവർത്തനം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>മരണപ്പെടുന്നവരുടെ വായ്പയിൽ ഇളവ്</u>

2148 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, എം.എ. വാഹീദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തശേഷം മരണപ്പടുന്നവരുടെ വായ്പയിൽ ഇളവ് നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എത്ര രൂപയുടെ ഇളവാണ് പ്രസ്തുത പദ്ധതി മുഖേന നൽകുന്നത്; വിശദമാക്കുമോ;

(ഡി) വായ്പ എടുത്ത ശേഷം മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്കും മാരക രോഗബാധിതർക്കും എന്തെല്ലാം ഇളവുകളാണ് പദ്ധതിവഴി ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കിലേയും നിയമനം</u>

2149 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**<u>സഹകരണവും ഖാദിഗ്രാമ വ്യവസായവും മലനീകരണ നിയന്ത്രണവും</u> വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കിലെയും പ്രവേശന തസ്തികകളിലെ നിയമനം പൂർണ്ണമായും പി.എസ്.സി. മുഖേനയാണോ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സഹകരണ ബാങ്കിൽ പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട തസ്തികകൾ ഏതെല്ലാം; ഓരോന്നിനും എത്ര പേർക്കുള്ള നിയമനമാണ് അനുദിച്ചിട്ടുള്ളത് ; അവയിൽ പി.എസ്.സി. മുഖേന നിയമനം നേടിയവർ എത്ര പേർ ഇപ്പോൾ ജോലി ചെയ്യുന്നു; ഒഴിഞ്ഞു കിടക്കുന്നവ എത്ര;

(സി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലെ പ്രവേശന തസ്തികളിലെ നിയമന രീതി വിശദമാക്കുമോ; ഓരോ ബാങ്കുകളിലും ഏതെല്ലാം തസ്തികകളിലെ നിയമനമാണ്. പി.എസ്.സി. മുഖേന നടത്തുന്നത്; പ്രസ്തുത തസ്തികകളിൽ ഓരോന്നിലും ഓരോ ജില്ലാ സഹകരണ ബാങ്കിലും എത്ര പേർക്കുള്ള നിയമനമാണ് അനുവദിച്ചിട്ടുള്ളത്; അവയിൽ പി.എസ്.സി. മുഖേന നിയമനം നേടിയവർ എത്ര; ശേഷിക്കുന്ന ഒഴിവുകളിൽ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എത്ര;

(ഡി) പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട തസ്തികകളിൽ പി.എസ്.സി. മുഖേനയല്ലാതെ നിയമനം നേടിയവർ ആരെങ്കിലും ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

വി. ആർ. എസ്. ആനുകൂല്യങ്ങൾ

2150 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലനീകരണനിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ജീവനക്കാർക്ക് വി. ആർ. എസ് എടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഇപ്രകാരം വി. ആർ. എസ് എടുക്കുന്ന ജീവനക്കാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം; അവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) തിരുവനന്തപുരം കോളിയൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വി. ആർ. എസ് എടുത്ത ശ്രീ. രാമചന്ദ്രൻ നായർക്ക് ആയതിന്റെ ആനുകൂല്യങ്ങൾ ലഭിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആനുകൂല്യങ്ങൾ നൽകാത്തതിനുളള കാരണം വ്യക്തമാക്കാമോ;

(ഡി) ശ്രീ. രാമചന്ദ്രൻ നായർക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ ശോച്യാവസ്ഥ

2151 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ ശോച്യാവസ്ഥ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) വന്‍ തകര്‍ച്ച നേരിടുന്ന പ്രസ്തുത യൂണിറ്റുകളെ പുനരുദ്ധരിക്കുവാന്‍ എന്തെല്ലാം നടപടികള്‍ കൈക്കൊള്ളുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിന് രണ്ട് വര്‍ഷത്തിനുള്ളില്‍ ലഭ്യമായ കേന്ദ്ര-സംസ്ഥാന ഫണ്ടുകളുടെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>നദികളെ മാലിന്യവിമുക്തമാക്കുന്നതിനുള്ള സമഗ്രപദ്ധതി</u>

2152 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, റ്റി. എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നദികളിലെ മലിനീകരണം നിമിത്തം നദീജലജീവികൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ അടിയന്തിര പരിഹാര നടപടി സ്വീകരിക്കുമോ ;

(ബി) നദീതീരങ്ങളോട് ചേർന്നുള്ള വ്യവസായശാലകളിൽ നിന്നും, പട്ടണങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ നദികളിലേയ്ക്ക് ഒഴുക്കിവിട്ട് അവയെ മലിനമാക്കുന്ന സ്ഥിതിവിശേഷം നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ നദികളെ മാലിന്യവിമുക്തമാക്കുന്നതിനുള്ള സമഗ്ര പദ്ധതികളെന്തെങ്കിലും മലിനീകരണ നിയന്ത്രണ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കാപ്പിതോടിനെ മാലിന്യമുക്തമാക്കാൻ നടപടി</u>

2153 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും**
**മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കാപ്പിതോടിലേയ്ക്ക് ചെമ്മീൻ ഫാക്ടറികളിൽ നിന്നുളള മാലിന്യങ്ങളും മലിനജലവും ഒഴുക്കി വിട്ടുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മാലിന്യം നിറഞ്ഞ തോട്ടിൽ നിന്നുള്ള വിഷവായു ശ്വസിച്ച് വിദ്യാർത്ഥികൾക്കും പ്രദേശവാസികൾക്കും ദേഹാസ്വാസ്ഥ്യവും രോഗങ്ങളുമുണ്ടാകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫാക്ടറികളിൽ നിന്നുളള മാലിന്യങ്ങൾ ഒഴുക്കി വിടുന്നത് തടയുന്നതിനും തോടിനെ മാലിന്യമുക്തമാക്കി ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാനും എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?